**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5522** **24.05.2017-ൽ മറുപടിക്ക്**

## അച്ചടക്കമുള്ള സമൂഹം കെട്ടിപ്പടുക്കുന്നതിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റ്സിനുള്ള സ്വാധീനം

| ചോദ്യം<br>ശ്രീ. വി. അബ്ദുറഹിമാൻ | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| (എ) അച്ചടക്കമുള്ള സമൂഹം കെട്ടിപ്പടുക്കുന്നതിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റ്സിനുള്ള സ്വാധീനം പരിഗണിച്ച് എല്ലാ ഹൈസ്കൂളുകളിലും എസ്.പി.സി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;<br>(ബി) കൂടുതൽ വിദ്യാലയങ്ങളിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റ്സ് പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; | (എ) & (ബി) നിലവിൽ സ്റ്റുഡൻസ് പോലീസ് പദ്ധതി സംസ്ഥാനത്ത് 574 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നടപ്പ് അദ്ധ്യയന വർഷം 100 സ്കൂളുകളിൽ കൂടി എസ്.പി.സി. പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എസ്.പി.സി-യുടെ സംസ്ഥാനതല ഉപദേശകസമിതിയാണ് അപേക്ഷകൾ പരിശോധിച്ച് എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കേണ്ട സ്കൂളുകൾ തീരുമാനിക്കുന്നത്. ഘട്ടംഘട്ടമായി ഈ പദ്ധതി എല്ലാ ഹൈസ്കൂളുകളിലും ആരംഭിക്കാവുന്നതാണ്. |
| (സി) എസ്.പി.സി ക്ക് സന്നദ്ധ പ്രവർത്തനങ്ങളിലും സാമൂഹ്യ ഇടപെടലിനും കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുമോ? | (സി) നിലവിൽ സംസ്ഥാന സർക്കാർ സ്ഥാപനമായ SCERT-യുടെ സഹായത്തോടെ തയ്യാറാക്കിയ ഇൻഡോർ, ഔട്ട്ഡോർ കൈപ്പുസ്തകങ്ങൾ പ്രകാരം അംഗീകരിക്കപ്പെട്ട ഒരു പാഠ്യപദ്ധതിയാണ് SPC പരിശീലനത്തിന് അവലംബിക്കുന്നത്. ഇൻഡോർ ക്ലാസ്സുകൾക്കു പുറമേ ഫീൽഡ് സന്ദർശനം, വിവിധ ക്യാമ്പുകൾ, സാമൂഹികബോധം വളർത്താനുപകരിക്കുന്ന മിനി പ്രോജക്ടുകൾ എന്നിവ പ്രസ്തുത പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മതേതരത്വം, ഹരിതവൽക്കരണം, ജലസംരക്ഷണം തുടങ്ങിയ വിഷയങ്ങളും ഉൾപ്പെടുത്തി പാഠ്യപദ്ധതി നവീകരിക്കുന്നതിന് ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം ഇടപെടലുകളിലൂടെ കേഡറ്റുകളിൽ പൗരബോധവും സാമൂഹ്യപ്രതിബദ്ധതയും, സേവനമനോഭാവവും വർദ്ധിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ